REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-11-2025 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ഛത്തീസ്ഗഢിലെ റായ്പൂരിൽ സംസ്ഥാന പൊലീസ് മേധാവികളുടേയും ഐജിമാരുടെയും 60-ാം അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്നു.
- നിർബന്ധിത സുരക്ഷാ മാറ്റങ്ങൾ പൂർത്തീകരിക്കുന്നതുവരെ എയർബസ് A 320 ശ്രേണിയിലെ വിമാനങ്ങളുടെ സർവീസ് നിർത്തിവെക്കാൻ DGCA ഉത്തരവ്.
- തദ്ദേശ തിരഞ്ഞെടുപ്പിന് നിയോഗിക്കുന്ന പോളിംഗ് ഉദ്യോഗസ്ഥർക്ക് പോളിംഗ് ദിവസത്തിന്റെ തൊട്ടടുത്ത ദിവസം കൂടി ഡ്യൂട്ടി ലീവ് അനുവദിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
- ഡിസംബർ മൂന്നിന് നാവികദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന നാവിക ശക്തി പ്രകടനത്തിന്റെ ഡ്രസ് റിഹേഴ്സൽ ഉച്ചകഴിഞ്ഞ്.
- കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ തീപിടുത്തം; തീ നിയന്ത്രണവിധേയമാക്കി- ആളപായമില്ല.

## വാർത്തകൾ വിശദമായി

ഛത്തീസ്ഗഢിലെ റായ്പൂരിൽ സംസ്ഥാന പൊലീസ് മേധാവികളുടേയും ഇൻസ്പെക്ടർ ജനറൽമാരുടെയും 60-ാം അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്നു. നവ റായ്പൂരിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ സമ്മേളനത്തിന്റെ വിവിധ സെഷനുകളിൽ അദ്ദേഹം അധ്യക്ഷനായിരിക്കും.

**ആഭ്യന്തര മന്ത്രി അമിത് ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ആഭ്യന്തര സഹമന്ത്രിമാർ, സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും DGP-മാർ, കേന്ദ്ര പോലീസ് സംഘടനകളുടെ മേധാവികൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.**

**'വികസിത ഭാരതം: സുരക്ഷാ മാനങ്ങൾ' എന്നതാണ് ഈ വർഷത്തെ സമ്മേളന പ്രമേയം. ഇടതുപക്ഷ തീവ്രവാദം, ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾ, ദുരന്ത നിവാരണം, വനിതാ സുരക്ഷ, പോലീസ് പ്രവർത്തനങ്ങളിൽ ഫോറൻസിക് ശാസ്ത്രത്തിന്റെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും ഉപയോഗം ഉൾപ്പെടെ സുപ്രധാന ദേശീയ സുരക്ഷാ വിഷയങ്ങളിൽ സമ്മേളനത്തിൽ ചർച്ചയാകും.**

**സമ്മേളനത്തിൽ വിശിഷ്ട സേവനത്തിന് ഏർപ്പെടുത്തിയ രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ പ്രധാനമന്ത്രി സമ്മാനിക്കും.**

✪✪✪

**നിർബന്ധിത സുരക്ഷാ മാറ്റങ്ങൾ പൂർത്തീകരിക്കുന്നതുവരെ എയർബസ് A 320 ശ്രേണിയിലെ വിമാനങ്ങളുടെ സർവീസ് നിർത്തിവെക്കാൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഉത്തരവിട്ടു. എയർബസ് A 318, A 319, A 320, A 321 വിമാനങ്ങൾക്ക് ഉത്തരവ് ബാധകമാണ്.**

**വിമാനത്തിലെ ഫ്ലൈറ്റ് കൺട്രോൾ ഡാറ്റയെ തകരാറിലാക്കാൻ കഴിയുന്ന സൗരവികിരണ ഭീഷണി കണ്ടെത്തിയതിനെ തുടർന്ന് എയർബസ്, സോഫ്റ്റ് വെയർ അപ്ഡേറ്റ് ഉൾപ്പെടെ അടിയന്തര അറ്റകുറ്റ പണികൾ നിർദേശിച്ചിരുന്നു. ഇന്ത്യൻ വിമാനക്കമ്പനികളായ ഇൻഡിഗോയും എയർ ഇന്ത്യയും A 320 ശ്രേണിയിൽപെട്ട 350-ൽ അധികം വിമാനങ്ങൾ  സർവീസിന് ഉപയോഗിക്കുന്നുണ്ട്.**

✪✪✪

**ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ നാളെ കുരുക്ഷേത്ര സന്ദർശിക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 20-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും.**

✪✪✪

**പാർലമെന്റ് ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രഗവൺമെന്റ് നാളെ സർവ്വകക്ഷി യോഗം വിളിച്ചു. പാർലമെന്റിന്റെ ഇരു സഭകളിലേയും പാർട്ടി നേതാക്കളുമായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു ചർച്ച നടത്തും. സുഗമമായ സമ്മേളന കാലത്തിന്**

പ്രതിപക്ഷത്തിന്റെ സഹകരണം തേടിയാണ് സർവകക്ഷിയോഗം വിളിച്ചത്. ഡിസംബർ ഒന്ന് മുതൽ 19 വരെയാണ് പാർലമെന്റിന്റെ ശീതകാല സമ്മേളനം.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൽ പത്ത് ദിവസത്തിൽ താഴെ മാത്രം പ്രചാരണ സമയം ശേഷിക്കെ സ്ഥാനാർത്ഥികളും പ്രവർത്തകരും വീടുവീടാന്തരമെത്തി വോട്ടഭ്യർത്ഥിക്കുകയാണ്. മുന്നണികളുടെ തെരഞ്ഞെടുപ്പ് കൺവെൻഷനുകളും പ്രചാരണ പ്രവർത്തനങ്ങളും ഇതിനൊപ്പം പുരോഗമിക്കുന്നുണ്ട്. സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളിൽ ഉൾപ്പെടെ ശക്തമായ പ്രചാരണമാണ് നടക്കുന്നത്.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന് നിയോഗിക്കുന്ന പോളിംഗ് ഉദ്യോഗസ്ഥർക്ക് പോളിംഗ് ദിവസത്തിന്റെ തൊട്ടടുത്ത ദിവസം കൂടി ഡ്യൂട്ടി ലീവ് അനുവദിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. പോളിംഗ് ദിവസം രാത്രി വൈകി ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യത്തിലാണ് നടപടി.

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വോട്ടെടുപ്പ് ദിവസം അവധി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. അന്നത്തെ വേതനം കുറയ്ക്കുകയോ, നൽകാതിരിക്കുകയോ ചെയ്യരുതെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളും  ഇന്നും നാളെയും തുറന്ന് പ്രവർത്തിക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. തീവ്ര വോട്ടർപട്ടിക പരിഷ്കരണ പരിപാടിയുമായി ബന്ധപ്പെട്ടാണിത്. എന്യുമറേഷൻ ഫോം തിരികെ നൽകുന്നതിനും ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്നതിനും ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കലക്ടർ അഭ്യർത്ഥിച്ചു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA ക്ക് എതിരെ ലൈംഗിക ആരോപണം ഉയർന്ന ഉടൻ തന്നെ അദ്ദേഹത്തെ പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തതായി KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. പാർലിമെന്ററി പാർട്ടിയിൽ നിന്നും രാഹുലിനെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം തൃശൂരിൽ വ്യക്തമാക്കി.

**രാഹുലിനെ ന്യായീകരിക്കുന്ന രീതിയിൽ കോൺഗ്രസ് മുഖപത്രമായ വീക്ഷണം ദിനപത്രത്തിൽ വന്ന മുഖപ്രസംഗത്തെ കുറിച്ച് അന്വേഷിക്കുമെന്നും സണ്ണി ജോസഫ് പറഞ്ഞു.**

✪✪✪

**രാഹുൽ മാങ്കൂട്ടത്തിൽ വിഷയത്തിൽ കോൺഗ്രസ് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ശബരിമല വിഷയം ചർച്ച ചെയ്യാതിരിക്കാനാണ് CPIM ഈ വിഷയം ഇപ്പോൾ ഉന്നയിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. ക്രിമിനലുകളെയും മോഷ്ടാക്കളെയും സംരക്ഷിക്കുന്ന CPIM, മറ്റു പാർട്ടികളെ വിമർശിക്കുന്നതിലെ ഇരട്ടത്താപ്പ് ജനങ്ങൾ തിരിച്ചറിയുമെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു.**

✪✪✪

**സാങ്കേതിക പുരോഗതി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന മുന്നേറ്റമാണ് സേനാ വിഭാഗങ്ങളിൽ നടക്കുന്നതെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ പറഞ്ഞു. ഈ മേഖലയിൽ അറിവ് നേടേണ്ടത് ഓരോ കേഡറ്റിന്റെയും പ്രധാന കർത്തവ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഏഴിമല ഇന്ത്യൻ നേവൽ അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട്പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വെല്ലുവിളികൾ ഏറ്റെടുത്ത് കേഡറ്റുകൾ മുന്നോട്ടു പോവണമെന്ന് ജനറൽ ചൗഹാൻ നിർദ്ദേശിച്ചു.**

**232 കേഡറ്റുകളാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്. ഇതിൽ 34 പേർ വനിതാ കേഡറ്റുകളാണ്. ബംഗ്ലാദേശ്, മൊസംബിക്, ശ്രീലങ്ക, വിയറ്റ്നാം, സെഷ്യൽസ്, മാൽദ്വീപ്, മ്യാന്മാർ, എന്നിവിടങ്ങളിലെ 18 പേരും ബാച്ചിലുണ്ട്.**

**ദക്ഷിണ നാവിക സേന മേധാവി വൈസ് അഡ്മിറൽ സമീർ സക്സേന, ഏഴിമല നേവൽ അക്കാദമി കമാന്റന്റ് വൈസ് അഡ്മിറൽ മനീഷ് ചദ്ധ, അക്കാദമി ഡെപ്യൂട്ടി കമാന്റന്റ് റിയർ അഡ്മിറൽ പ്രകാശ് ഗോപാലൻ തുടങ്ങിയവർ സംബന്ധിച്ചു.**

✪✪✪

**ഡിസംബർ മൂന്നിന് നാവികദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന നാവിക ശക്തി പ്രകടനത്തിന്റെ ഡ്രസ് റിഹേഴ്സൽ ഇന്ന് നടത്തും. രാഷ്ട്രപതി ദ്രൗപതി മുർമുവാണ്**

നാവിക ദിനത്തിലെ മുഖ്യാതിഥി.  നാവിക ശക്തി പ്രകടനത്തിന്റെ എല്ലാ ഇനങ്ങളും ഉൾക്കൊള്ളിച്ചായിരിക്കും ഉച്ചയ്ക്കു ശേഷം ശംഖുമുഖത്ത് നടത്തുന്ന റിഹേഴ്സൽ. ഇന്നത്തെ പ്രകടനങ്ങൾ  പൊതു ജനങ്ങൾക്കും കാണാനാവും.

തിങ്കളാഴ്ചയും ഡ്രസ് റിഹേഴ്സൽ ഉണ്ടായിരിക്കും. ഡിസംബർ മൂന്നിലെ നാവിക ശക്തി പ്രകടനത്തിൽ ക്ഷണിക്കപ്പെട്ട രണ്ടായിരം പേർക്കു പുറമെ എണ്ണായിരത്തോളം പൊതുജനങ്ങൾക്കും  പ്രവേശനം ലഭിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടി 'മൻ കി ബാത്" നാളെ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും. മൻ കി ബാതിന്റെ 128-ാം പതിപ്പാണിത്. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക ഭാഷകളിൽ പ്രസംഗത്തിന്റെ പരിഭാഷ, പ്രക്ഷേപണം ചെയ്യും. രാത്രി എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ രാവിലെ പത്ത് മണിയോടെ ഉണ്ടായ തീപിടുത്തം നിയന്ത്രണ വിധേയമായി. ആശുപത്രിയുടെ C ബ്ലോക്കിന്റെ മുകളിലെ AC  കൺട്രോൾ വിഭാഗത്തിലാണ് തീ പിടുത്തം ഉണ്ടായത്. ആളപായമോ, പരിക്കോ ഇല്ല. ഫയർഫോഴ്സ് എത്തിയാണ് തീയണച്ചത്. കരുതൽ നടപടികളുടെ ഭാഗമായി രോഗികളെ മറ്റ് നിലകളിലേക്ക് മാറ്റി.

ആശുപത്രി അധികൃതരുമായി മന്ത്രി വീണാ ജോർജ് സംഭവം ചർച്ച ചെയ്തു.  രോഗികളെ  ആശുപത്രിയിൽ നിന്ന് മാറ്റേണ്ടി വന്നാൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ICU, വെന്റിലേറ്റർ സംവിധാനങ്ങളൊരുക്കാൻ  മന്ത്രി നിർദേശം  നൽകി.

✪✪✪

ശ്രീലങ്കൻ  തീരത്ത് രൂപംകൊണ്ട 'ഡിറ്റ് വ' ചുഴലിക്കാറ്റ് മണിക്കൂറിൽ ഏഴ് കിലോമീറ്റർ വേഗത്തിൽ വടക്ക്-വടക്കുപടിഞ്ഞാറൻ ദിശയിലേക്ക് നീങ്ങുന്നതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നിലവിൽ ശ്രീലങ്കയിൽ നിന്ന് ഏകദേശം 40 കിലോമീറ്റർ പടിഞ്ഞാറ് ദിശയിലാണ് ചുഴലിക്കാറ്റ് കേന്ദ്രീകരിച്ചിരിക്കുന്നത്.

ചുഴലിക്കാറ്റ് ശ്രീലങ്ക കടന്ന് വടക്ക്-വടക്കുപടിഞ്ഞാറൻ ദിശയിൽ സഞ്ചരിച്ച് നാളെ പുലർച്ചയോടെ വടക്കൻ തമിഴ്നാടിനും തെക്കൻ

ആന്ധ്രാ തീരത്തിനും സമീപം തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ എത്താൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം വ്യക്തമാക്കി.

പ്രതികൂല കാലാവസ്ഥയെ തുടർന്ന് ചെന്നൈയ്ക്കും ശ്രീലങ്കയ്ക്കും ഇടയിൽ വിമാന സർവീസുകൾ തടസ്സപ്പെട്ടു. വിമാനങ്ങൾ വൈകുകയോ, വഴിതിരിച്ചുവിടുകയോ റദ്ദാക്കുകയോ ചെയ്തിട്ടുണ്ട്.

✪✪✪

ഡിറ്റ് വാ ചുഴലിക്കാറ്റിനെ തുടർന്ന് വെള്ളപ്പൊക്ക ദുരിതം നേരിടുന്ന കിഴക്കൻ ശ്രീലങ്കയിലേക്ക് ഇന്ത്യ ദേശീയ ദുരന്ത നിവാരണ സേനയുടെ രണ്ട് ടീമുകളെ അയച്ചു. 80 രക്ഷാപ്രവർത്തകർ സംഘത്തിലുണ്ട്.

ഇന്ന് പുലർച്ചെ IL-76 വിമാനത്തിൽ യാത്ര തിരിച്ച സംഘം രാവിലെ കൊളംബോയിൽ എത്തിയതായി NDRF അറിയിച്ചു. കൂടാതെ, 21 ടൺ ദുരിതാശ്വാസ സാമഗ്രികളും ശ്രീലങ്കയിലേക്ക് അയച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കമാകും. റാഞ്ചിയിൽ ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് ആദ്യ മത്സരം.

✪✪✪

അണ്ടർ 20 വനിതാ ഫുട്ബോളിലെ ആദ്യ സൗഹൃദ മത്സരത്തിൽ ഇന്ത്യ നാളെ ഉസ്ബെക്കിസ്ഥാനെ നേരിടും. തമിഴ്നാട്ടിലെ മഹാബലിപുരത്ത് FC മദ്രാസ് അക്കാദമിയിലാണ് മത്സരം. ചൊവ്വാഴ്ച സൗഹൃദ മത്സരങ്ങളിലെ രണ്ടാം മത്സരം നടത്തും.

✪✪✪

FIH പുരുഷ ജൂനിയർ ലോകകപ്പ് ഹോക്കിയിൽ, ചെന്നൈയിൽ, ആതിഥേയരായ ഇന്ത്യയ്ക്കും നിലവിൽ ചാമ്പ്യന്മാരായ ജർമ്മനി, അർജന്റീന, ബെൽജിയം ടീമുകൾക്കും വിജയത്തുടക്കം. പൂൾ B മത്സരത്തിൽ ചിലിയെയാണ് ഇന്ത്യ പരാജയപ്പെടുത്തിയത്.

✪✪✪

നിയമലംഘനം നടത്തുന്ന ബസ്സുകൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തൃശൂർ ജില്ലാ കലക്ടർ നിർദ്ദേശം നൽകി.

തൃശൂരിൽ നിന്ന് ഭരിതാപ്രതാപ്..

........വോയ്സ്......

✪✪✪

സംസ്ഥാനത്ത് ഇന്നും ഏതാനും ജില്ലകളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാഹചര്യത്തിൽ ഇന്ന് അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ജാഗ്രത.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 65 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

സ്വർണവിലയിൽ വൻ കുതിപ്പ്. പവന് ഇന്ന് ആയിരം രൂപ വർധിച്ച് 95,200 രൂപയായി - ഗ്രാമിന് 125 രൂപ കൂടി 11,900 രൂപയാണ് വില.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRT: അനുഷ ആത്മപ്രകാശ്*
*DEO:ഷീബ*